ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

DATE: 09.05.2026 TIME : 06.30 PM

## പ്രധാന വാർത്തകൾ

1) പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ മൂന്ന് സംസ്ഥാനങ്ങളിലേക്കുള്ള സന്ദർശനത്തിന് നാളെ തുടക്കമാകും.

2) കേരള മുഖ്യമന്ത്രിയെ തീരുമാനിക്കാനുള്ള ചർച്ച ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു.

3) തമിഴ്നാട്ടിൽ കേവല ഭൂരിപക്ഷം നേടി നടൻ വിജയ് യുടെ നേതൃത്വത്തിലുള്ള തമിഴക വെട്രി കഴകം; 120 എംഎൽഎ മാരുടെ പിന്തുണയിൽ സർക്കാർ രൂപീകരണത്തിന് ഒരുങ്ങി **TVK.**

4) 2025-ലെ ദേശീയ പഞ്ചായത്ത് പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. കേരളത്തിൽ നിന്നും ഹരിപ്പാട്, നിരണം ,ഒറ്റൂർ, മേലുകാവ് പഞ്ചായത്തുകൾക്ക് അംഗീകാരം.

5) സംസ്ഥാനത്ത് അടുത്ത അഞ്ചു ദിവസം ഇടിമിന്നലോടു കൂടിയ മഴ തുടരും; ഇന്ന് ഒൻപത് ജില്ലകളിൽ മഞ്ഞ ജാഗ്രത; കേരള , ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

6) ഐഎസ്എൽ ഫുട്ബോളിൽ ഗോവ -മോഹൻ ബഗാൻ മത്സരം പുരോഗമിക്കുന്നു. രണ്ടാം മത്സരത്തിൽ ജംഷഡ്പൂർ - ബെംഗളൂരുവുമായി ഏറ്റുമുട്ടും.

## വാർത്തകൾ വിശദമായി.....

### പ്രധാനമന്ത്രി- സന്ദർശനം

പ്രധാനമന്ത്രി നരേന്ദ്രമോദി നാളെയും മറ്റന്നാളുമായി കർണാടക, തെലങ്കാന, ഗുജറാത്ത് സംസ്ഥാനങ്ങൾ സന്ദർശിക്കും. നാളെ രാവിലെ കർണാടകയിലെത്തുന്ന അദ്ദേഹം ബെംഗളൂരുവിൽ ആർട്ട് ഓഫ് ലിവിംഗിന്റെ 45-ാാം വാർഷിക ആഘോഷങ്ങളിൽ പങ്കെടുക്കും. തുടർന്ന് ഹൈദരാബാദിൽ 9,400 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കും. മറ്റന്നാൾ രാവിലെ ഗുജറാത്തിലെ സോമനാഥ് ക്ഷേത്രത്തിലെ സോമനാഥ് അമൃത് മഹോത്സവത്തിൽ ശ്രീ മോദി പങ്കെടുക്കും.

ജ്ഞജ്ഞജ്ഞജ്ഞജ്ഞജ്ഞജ്ഞജ്ഞജ്ഞജ്ഞജ്ഞ

### കേരളം - മുഖ്യമന്ത്രി

കേരള മുഖ്യമന്ത്രിയെ തീരുമാനിക്കാനുള്ള ചർച്ച ന്യൂഡൽഹിയിൽ കോൺഗ്രസ് ദേശീയ അധ്യക്ഷൻ മല്ലികാർജുൻ ഖർഗെയുടെ വസതിയിൽ പുരോഗമിക്കുന്നു. ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയുടെ സാന്നിധ്യത്തിലാണ് യോഗം. AICC നിരീക്ഷകരായ മുകുൾ വാസ്നിക് , അജയ് മാക്കൻ എന്നിവരും നിയുക്ത എംഎൽഎമാരായ രമേശ് ചെന്നിത്തല , വിഡി സതീശൻ , സണ്ണി ജോസഫ് തുടങ്ങിയവരും യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. പ്രഖ്യാപനം ഉടൻ ഉണ്ടാകുമെന്നാണ് കോൺഗ്രസ് വൃത്തങ്ങൾ പ്രതികരിക്കുന്നത്.

ജ്ഞജ്ഞജ്ഞജ്ഞജ്ഞജ്ഞജ്ഞജ്ഞജ്ഞജ്ഞജ്ഞ

### തമിഴ്നാട് സർക്കാർ

തമിഴ്നാട്ടിൽ, കേവല ഭൂരിപക്ഷം നേടി നടൻ വിജയ് യുടെ നേതൃത്വത്തിലുള്ള തമിഴക വെട്രി കഴകം. വിടുതലൈ ചിരുതൈഗൽ കക്ഷിയും IUML ഉം TVK യെ പിന്തുണയ്ക്കും. രണ്ട് വിസികെ എംഎൽഎമാരുടെ പിന്തുണാ കത്ത്, അധ്യക്ഷൻ തോൽ.

തിരുമാവളവൻ ചെന്നൈയിൽ ടിവികെ ഇലക്ഷൻ മാനേജ്മെന്റ് ജനറൽ സെക്രട്ടറി ആദവ് അർജുനന് കൈമാറി. ഇതോടെ സർക്കാർ രൂപീകരിക്കാൻ 120 എംഎൽഎമാരുടെ പിന്തുണ TVK ഉറപ്പിച്ചു. അതിനിടെ, ഏറ്റവും വലിയ ഒറ്റകക്ഷിയെ സർക്കാർ രൂപീകരിക്കാൻ ക്ഷണിക്കേണ്ടത് ഗവർണറുടെ കടമയാണെന്ന് സിപിഐ എം ദേശീയ ജനറൽ സെക്രട്ടറി എം എ ബേബി അഭിപ്രായപ്പെട്ടു.

## പശ്ചിമബംഗാൾ– സത്യപ്രതിജ്ഞ

പശ്ചിമ ബംഗാൾ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത സുവേന്ദു അധികാരിയെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. വരാനിരിക്കുന്ന ഭരണകാലം മികച്ചതാകട്ടെ എന്ന് അദ്ദേഹം ആശംസിച്ചു. മന്ത്രിമാരായി സത്യപ്രതിജ്ഞ ചെയ്ത ദിലീപ് ഘോഷ്, അഗ്നിമിത്ര പോൾ, അശോക് കീർത്താനിയ, ക്ഷുദിറാം തുഡു, നിസിത് പ്രമാണിക് എന്നിവരെയും പ്രധാനമന്ത്രി അഭിനന്ദനങ്ങൾ അറിയിച്ചു.

## അസം - സത്യപ്രതിജ്ഞ

അസമിൽ പുതിയ സർക്കാരിൻറെ സത്യപ്രതിജ്ഞ ചൊവ്വാഴ്ച നടക്കും. ബി ജെ പി നേതൃത്വം നൽകുന്ന എൻ ഡി എ തുടർച്ചയായ മൂന്നാം തവണയാണ് ഇവിടെ അധികാരത്തിലെത്തുന്നത്. നിയമസഭാ കക്ഷി നേതാവിനെ തിരഞ്ഞെടുക്കുന്നതിനായി, ബി ജെ പി നാളെ യോഗം ചേരും.

## പഞ്ചായത്ത് പുരസ്കാരങ്ങൾ (ഇൻട്രോ )

2025-ലെ ദേശീയ പഞ്ചായത്ത് പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. കേരളത്തിൽ നിന്നും നാല് പഞ്ചായത്തുകൾക്ക് അംഗീകാരം.

വിശദാംശങ്ങളിലേക്ക്.....

(വോയിസ്)

രാജ്യത്തുടനീളമുള്ള ആകെ 42 പഞ്ചായത്തുകളെയാണ് പുരസ്കാരത്തിനായി തിരഞ്ഞെടുത്തത്. മികച്ച ഹെൽത്തി പഞ്ചായത്ത് വിഭാഗത്തിലെ ദീൻ ദയാൽ ഉപാധ്യായ പഞ്ചായത്ത് സതത് വികാസ് പുരസ്കാരം പത്തനംതിട്ടയിലെ നിരണം പഞ്ചായത്തിന് ലഭിച്ചു. ഈ വിഭാഗത്തിൽ മൂന്നാം സ്ഥാനത്താണ് നിരണമെത്തിയത്. മികച്ച ശിശു സൗഹൃദ പഞ്ചായത്തുകളിൽ തിരുവനന്തപുരം ജില്ലയിലെ ഒറ്റൂരിനെ മൂന്നാം സ്ഥാനത്തിനായി തിരഞ്ഞെടുത്തു. അടിസ്ഥാന സൗകര്യത്തിൽ സ്വയം പര്യാപ്തമായ മികച്ച പഞ്ചായത്തിനുള്ള അവാർഡ് കോട്ടയം മേലുകാവ് സ്വന്തമാക്കി. മികച്ച ബ്ലോക്ക് പഞ്ചായത്തിനുള്ള നാനാജി ദേശ്മുഖ് സർവോത്തമം പഞ്ചായത്ത് സതത് വികാസ് പുരസ്കാരം ആലപ്പുഴ ജില്ലയിലെ ഹരിപ്പാടിനും ലഭിച്ചു. പുരസ്കാരാർഹമായ പഞ്ചായത്തുകൾക്ക് സാമ്പത്തിക പ്രോത്സാഹനമായി 50 ലക്ഷം രൂപ മുതൽ 5 കോടി രൂപ വരെയാണ് ലഭിക്കുക. പുരസ്കാര വിതരണ ചടങ്ങ് ജൂൺ 3-ന് ന്യൂഡൽഹിയിൽ നടക്കുമെന്ന് പഞ്ചായത്തീരാജ് മന്ത്രാലയം അറിയിച്ചു.

ന്യൂസ്ഡെസ്ക് ആകാശവാണി....

## യുവ സംഗം

കേന്ദ്ര സർക്കാരിന്റെ 'യുവസംഗം' പദ്ധതിയുടെ ഭാഗമായി കേരളത്തിൽ നിന്നും ലക്ഷദ്വീപിൽ നിന്നുമുള്ള 39 അംഗ വിദ്യാർത്ഥി സംഘം ജമ്മുവിലേക്ക് യാത്ര തിരിച്ചു. കേരളത്തിലെ 14 ജില്ലകളിൽ നിന്നുമുള്ള 38 വിദ്യാർത്ഥികളും ലക്ഷദ്വീപിൽ നിന്നുള്ള ഒരു വിദ്യാർത്ഥിയുമാണ് സംഘത്തിലുള്ളത്. വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ 'ഏക് ഭാരത് ശ്രേഷ്ഠ ഭാരത്' പ്രചാരണത്തിന്റെ ആറാം ഘട്ടത്തിന്റെ ഭാഗമായി, ഐഐഎം കോഴിക്കോടും ഐഐഎം ജമ്മുവും സംയുക്തമായാണ് സാംസ്കാരിക-വിദ്യാഭ്യാസ കൈമാറ്റ പരിപാടി സംഘടിപ്പിക്കുന്നത്.

ജജജജജജജജജജജജജജ

## റേഡിയോ നാടകോത്സവം (ഇൻട്രോ)

ആകാശവാണിയുടെ അഖില കേരള റേഡിയോ നാടകോത്സവത്തിന് നാളെ തുടക്കമാകും. ശബ്ദവിസ്മയവുമായി മലയാളത്തിന്റെ പ്രിയ നടൻ മോഹൻലാൽ ഇത്തവണ നാടകോത്സവത്തിന്റെ ഭാഗമാകും. കേരളത്തിലെ എല്ലാ ആകാശവാണി നിലയങ്ങളിലൂടെയും 'NewsOnAir' ആപ്പിലൂടെയും ശ്രോതാക്കൾക്ക് നാടകങ്ങൾ ആസ്വദിക്കാം.

**ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട് തയ്യാറാക്കിയ റിപ്പോർട്ട്.....**

(വോയിസ്)

ജജജജജജജജജജജജജജ

## കെഎസ്ആർടിസി - ജെൻഡർ ടിക്കറ്റിങ്

സംസ്ഥാനത്തെ KSRTC ബസുകളിൽ സ്ത്രീകൾക്ക് സൗജന്യ യാത്ര നടപ്പാക്കുന്നതിന്റെ ഭാഗമായി 'ജെൻഡർ ടിക്കറ്റിങ്' രേഖപ്പെടുത്തി തുടങ്ങി. ടിക്കറ്റ് നൽകുമ്പോൾ പുരുഷൻ, സ്ത്രീ എന്ന് രേഖപ്പെടുത്തുന്ന സംവിധാനമാണ് ഇന്ന് മുതൽ പ്രാബല്യത്തിൽ വന്നത്. യുഡിഎഫ് സർക്കാർ അധികാരത്തിൽ വന്നാൽ KSRTC യിൽ സ്ത്രീകൾക്ക് സൗജന്യ യാത്ര ഉറപ്പാക്കുമെന്ന് കോൺഗ്രസ് പ്രകടന പത്രികയിലൂടെ വാഗ്ദാനം നൽകിയിരുന്നു.

ജജജജജജജജജജജജജജ

## നല്ലവാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നു. ഇന്ന് പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

ജരജരജരജരജരജര

<u>സ്വർണവില</u>

സ്വർണ വിലയിൽ നേരിയ കുറവ് . പവന് 240 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 11,720 രൂപയും ഗ്രാമിന് 13,965 രൂപയുമാണ് ഇന്നത്തെ വില.

ജരജരജരജരജരജര

<u>തേക്കടി - ബോട്ട് സർവീസ്</u>

തേക്കടി തടാകത്തിൽ ജലനിരപ്പ് ഉയർന്നതിനെത്തുടർന്ന് കെടിഡിസിയുടെ വലിയ ബോട്ടുകൾ സർവീസ് പുനഃരാരംഭിച്ചു. വേനലിൽ ജലനിരപ്പ് താഴ്ന്നതിനെത്തുടർന്ന് കഴിഞ്ഞ ഏപ്രിൽ 30ന് വലിയ ബോട്ടുകളുടെ സർവീസ് നിർത്തിവെച്ചിരുന്നു. 120 സീറ്റുകളുള്ള രണ്ട് ബോട്ടുകളാണ് കെ.ടി.ഡി.സി. ഇപ്പോൾ നീറ്റിലിറക്കിയിരിക്കുന്നത്. നിലവിൽ 40 പേർക്ക് വീതമാണ് യാത്ര ചെയ്യാനുള്ള അനുമതി.

ജരജരജരജരജരജര

<u>കാലാവസ്ഥ (ഇൻട്രോ)</u>

സംസ്ഥാനത്ത് ബുധനാഴ്ച വരെ ഇടിമിന്നലോടു കൂടിയ മഴയ്ക്കും, ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇന്ന് തിരുവനന്തപുരം മുതൽ തൃശൂർ വരെയുള്ള ജില്ലകളിലും കോഴിക്കോടും മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം മുതൽ ഇടുക്കി വരെയുള്ള ഏഴ് ജില്ലകളിൽ നാളെയും മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. കേരളം , ലക്ഷദ്വീപ് തീരങ്ങളിൽ അടുത്ത നാലു ദിവസം മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി. ലക്ഷദ്വീപിലും ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലക്ഷദ്വീപ് പ്രതിനിധി അബ്ദുൾ സലാം.......**

(വോയിസ്)

ജ്ജജ്ജജ്ജജ്ജജ്ജജ്ജ

## ഐഎസ്എൽ

ഐഎസ്എൽ ഫുട്ബോളിൽ ഗോവ -മോഹൻ ബഗാൻ മത്സരം പുരോഗമിക്കുന്നു. രാത്രി 7.30 ന് നടക്കുന്ന മത്സരത്തിൽ ജംഷഡ്പൂർ - ബെംഗളൂരുവുമായി ഏറ്റുമുട്ടും.

ജ്ജജ്ജജ്ജജ്ജജ്ജജ്ജ

## ലക്ഷദ്വീപ് - അറസ്റ്റ്

ലക്ഷദ്വീപിലെ കപ്പൽ ഓൺലൈൻ ടിക്കറ്റ് ബുക്കിംഗ് സൈറ്റുകൾ ഹാക്ക് ചെയ്തെന്ന പരാതിയിൽ നാലംഗ സംഘത്തെ പോലീസ് കസ്റ്റഡിയിലെടുത്തു. ടിക്കറ്റുകൾ അനധികൃതമായി തടഞ്ഞുവെച്ച് ഉയർന്ന വിലയ്ക്ക് മറിച്ചുവിൽക്കുന്നുവെന്നാരോപിച്ചാണ് ലക്ഷദ്വീപ് മിനിക്കോയ് സ്വദേശികളായ ഇവരെ അറസ്റ്റ് ചെയ്തത്. മിനിക്കോയ്, കൊച്ചി, കവരത്തി എന്നിവിടങ്ങളിൽ നിന്നാണ് പ്രതികളെ പിടികൂടിയത്.

ജ്ജജ്ജജ്ജജ്ജജ്ജജ്ജ

## ഗതാഗത നിയന്ത്രണം

തിരുവനന്തപുരം നഗരത്തിൽ കോർപ്പറേഷൻ ഓഫീസ് - നന്ദൻകോട് റോഡിൽ മാൻഹോളിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഗതാഗത നിയന്ത്രണം. റ്റിറ്റിസി , ദേവസ്വംബോർഡ്, നന്ദൻകോട് ഭാഗങ്ങളിൽ നിന്നും കോർപ്പറേഷൻ ഓഫീസ് ഭാഗത്തേക്ക് പോകേണ്ട വാഹനങ്ങൾ വെള്ളയമ്പലം-മ്യൂസിയം വഴി പോകേണ്ടതാണ്. കോർപ്പറേഷൻ ഓഫീസ് ഭാഗത്തു നിന്നും നന്ദൻകോട് ഭാഗത്തേക്ക് പോകേണ്ട വാഹനങ്ങൾ വെള്ളയമ്പലം വഴിയോ പിഎംജി-നളന്ദ വഴിയോ പോകണം. .

ജ്ജജ്ജജ്ജജ്ജജ്ജജ്ജ

## കരടിയുടെ സാന്നിധ്യം

കൊല്ലം തെന്മലയിൽ വീണ്ടും കരടിയുടെ സാന്നിധ്യം. തെന്മല എം എസ്എല്ലിന് സമീപത്തെ വനത്തിലെ പാറക്കൂട്ടത്തിലാണ്കരടിയെയും കുഞ്ഞുങ്ങളെയും കണ്ടത്. ഈ മാസം ആദ്യവും പ്രദേശത്ത് കരടിയെ കണ്ടിരുന്നു.

## മാർച്ചും ധർണ്ണയും

ഇടുക്കി കൊമ്പൊടിഞ്ഞാലിൽ ദുരുഹ സാഹചര്യത്തിൽ, പൊള്ളലേറ്റ് ഒരു കുടുംബത്തിലെ നാലു പേർ മരിച്ച സംഭവത്തിൽ അന്വേഷണം ആവശ്യപ്പെട്ട് പ്രതിഷേധം ശക്തം. കൊമ്പൊടിഞ്ഞാൽ, ജനകീയ സമതിയുടെ നേതൃത്വത്തിൽ ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയത്തിലേക്ക് മാർച്ചും ധർണ്ണയും നടത്തി. ഏകദേശം ഒരു വർഷം മുൻപാണ് തെള്ളിപ്പടവിൽ വീട്ടിൽ ശുഭ, അമ്മ പൊന്നമ്മ, മക്കളായ അഭിനന്ദ് , അഭിനവ് എന്നിവർ മരിച്ചത്.